STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.06/PR/SPMC/PHQ/2025 Date:16.01.2025

# കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബിനു ഐ.എസ്.ഒ അംഗീകാരം

കണ്ണൂരിലെ റീജിയണൽ ഫോറൻസിക് സയൻസ് ലാബിനു നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷന് ലബോറട്ടറീസ് (എൻ എ ബി എൽ ) നൽകുന്ന ഐ എസ് ഒ അംഗീകാരം ലഭിച്ചു. ഫോറൻസിക് അനാലിസിസിലും സർവീസ് ഡെലിവെറിയിലും ഉന്നത നിലവാരം പുലർത്തിയതിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിച്ചത്.

ഈ രംഗത്ത് ദേശീയ അംഗീകാരം ലഭിക്കുന്ന സംസ്ഥാനത്തെ രണ്ടാമത്തെ ലാബാണ് കണ്ണൂർ ഫോറൻസിക് ലാബ്. 2020 ൽ തിരുവനന്തപുരത്തെ പോലീസ് ആസ്ഥാനത്തെ ഫോറൻസിക് സയൻസ് ലാബിനു ഐ എസ് ഒ അംഗീകാരം ലഭിച്ചിരുന്നു. രാജ്യാന്തരതലത്തിൽ ഏറെ വിലമതിക്കപ്പെടുന്നതാണ് എൻ എ ബി എൽ അംഗീകാരം. ഇതോടെ ലബോറട്ടറിയുടെ റിപ്പോർട്ടുകൾക്കു അന്തർദേശീയ നിലവാരം ഉണ്ടാകും.

ലാബിന്റെ മേധാവി എൻ. ആർ. ബുഷ്‌റാ ബീഗം എൻ എ ബി എല്ലിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള മേൽനോട്ട ചുമതല വഹിച്ചു.ഹൈദരാബാദ് സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി മുൻ ഡയറക്ടർ ആയിരുന്ന കെ. പി. എസ് കർത്ത അഡ്വൈസറും ആയിരുന്നു.

*****************************************